## അധ്യായം 103
## അൽ അസ്വ്ർ
അവതരണം മക്കയിൽ, വചനങ്ങൾ 3

---

**അധ്യായ പരിചയം:**

പ്രവാചകൻ മുഹമ്മദ്(സ) യുടെ മക്കാജീവിതത്തിലാണ് ഈ അധ്യായം അവതരിച്ചത്. ചെറിയ വാക്യങ്ങളിലൂടെ അടിസ്ഥാനപരവും എന്നാൽ ഗഹനവുമായ കാര്യങ്ങൾ പഠിപ്പിക്കുന്നതായിരുന്നു അക്കാലത്ത് അവതീർണമായ അധ്യായങ്ങളുടെ സ്വഭാവം.

ആശയങ്ങളുടെ ഒരു വലിയ ലോകം മനുഷ്യനു മുമ്പിൽ തുറന്നുവെക്കുകയാണ് ഈ കൊച്ചു അധ്യായം. ഇത്ര ഗഹനവും വിശാലവുമായ വിഷയം കൈകാര്യം ചെയ്ത ചെറിയ അധ്യായം ഖുർആനിൽ വേറെയില്ല.

മനുഷ്യൻെറ നാശത്തിൻെറതും വിജയത്തിൻെറതുമായ രണ്ട് വൻലോകങ്ങളെ മനുഷ്യമനസ്സിനു മുമ്പിൽ തുറന്നുവെച്ച് ഓരോന്നിൻെറ കാരണങ്ങളെക്കുറിച്ച് അവരെ ബോധവാന്മാക്കുകയാണ് ഈ അധ്യായം.

ഈ അധ്യായം പ്രവാചകൻെറ അനുയായികളെ ഏറെ സ്വാധീനിക്കുകയുണ്ടായി. അവർ കണ്ടുമുട്ടിയാൽ ഈ അധ്യായം പരസ്പരം പാരായണം ചെയ്യാതെ വേർപിരിയാറുണ്ടായിരുന്നില്ലെന്ന് പ്രവാചകശിഷ്യന്മാരായ അബ്ദുല്ലാഹിബ്നു ഹിസ്വ്ൻ, ഹമ്മാദുബ്നു സലമ എന്നിവരിൽനിന്ന് ത്വബ്റാനി ഉദ്ധരിക്കുകയുണ്ടായി. (ഇബ്നു കഥീർ, വാള്യം 4)

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

---

വൽ അസ്വ്ർ — وَالْعَصْرِ

കാലം തന്നെയാണ് സത്യം

---

ഇന്നൽ ഇൻസാന — إِنَّ الْإِنسَانَ

തീർച്ചയായും മനുഷ്യൻ

---

ലഫീ ഖുസ്രിൻ — لَفِي خُسْرٍ

നഷ്ടത്തിൽ തന്നെയാകുന്നു.

---

ഇല്ലല്ലദീന ആമനൂ — إِلَّا الَّذِينَ آمَنُوا

വിശ്വസിച്ചവരൊഴികെ

---

വഅമിലൂ — وَعَمِلُوا

പ്രവർത്തിക്കുകയും

---

| | | |
|---|---|---|
| അസ്സ്വാലിഹാതി | | الصَّالِحَاتِ |
| | സൽക്കർമങ്ങൾ | |
| വതവാസൗ | | وَتَوَاصَوْا |
| | പരസ്പരം ഉപദേശിക്കുകയും | |
| ബിൽ ഹഖി | | بِالْحَقِّ |
| | സത്യം കൈക്കൊള്ളാൻ | |
| വതവാസൗ | | وَتَوَاصَوْا |
| | അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴിച്ച് | |
| ബിസ്സ്വബ്രി | | بِالصَّبْرِ |
| | ക്ഷമ കൈക്കൊള്ളാൻ | |

വിശദീകരണം:

وَالْعَصْرِ വൽ അസ്വ്ർ

കാലം തന്നെയാണ് സത്യം

അല്ലാഹു ഒരു കാര്യം ഏതെങ്കിലും വസ്തുവിനെ പിടിച്ച് സത്യംചെയ്തു പറയുന്നതിനർഥം ആ വസ്തുവിന് വലിയ മഹത്വം ഉണ്ട് എന്നതല്ല. മറിച്ച്, മനുഷ്യന് സുപരിചിതമായ ഒരു സംഗതിയെ പിടിച്ചാണയിടുക വഴി ആ സംഗതി മനുഷ്യന് എത്രമാത്രം സുപരിചിതവും അതിന്റെ അസ്തിത്വത്തെ സംബന്ധിച്ച് അവൻ നിസ്സംശയനുമാണോ അതേപോലെ സത്യം ചെയ്തു സ്ഥാപിക്കുന്ന വസ്തുതയും തീർച്ചയായതാണെന്നതാണ്. ഇതേപോലെ പലതിനയും പിടിച്ചാണയിട്ടു വസ്തുതകൾ പറഞ്ഞ ധാരാളം സ്ഥലങ്ങൾ ഖുർആനിൽ കാണാൻ സാധിക്കും.

കാലം കൊണ്ട് ഒരു ദിനത്തിലെ പ്രത്യേക സമയമാണെന്നും അല്ല കാലം മൊത്തത്തിലാണെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

മനസ്സിലാക്കേണ്ട സംഗതി, ഖുർആൻ ഇവിടെ എണ്ണിപ്പറഞ്ഞ ഗുണങ്ങളില്ലാത്ത ആളുകൾ കാലത്തിന്റെ ഏത് ഘട്ടത്തിലും പ്രദേശത്തും ജീവിച്ചുവോ അവരൊക്കെ നഷ്ടത്തിലാണെന്നതിന് അവർ ജീവിച്ചിരുന്ന കാലഘട്ടം തന്നെ സാക്ഷിയാകുന്നു എന്നതാണ്.

കാലത്തിൽ ഏത് ഘട്ടത്തെയാണ് സൂചിപ്പിക്കുന്നതെന്ന കാര്യവും ഈ അധ്യായത്തിൽ സൂചനയുണ്ട്. മനുഷ്യൻ രംഗത്ത് കൊണ്ടുവരികയും സമൂഹം അത് അനുഭവിക്കുകയും ചെയ്ത സംഗതിക്കാണല്ലോ കർമം എന്നു പറയുന്നത്. മനസ്സിൽ പദ്ധതിയിട്ട ഒരു കാര്യത്തിന് കർമം എന്ന് വ്യവഹരിക്കാറില്ല. അതിനാൽ കർമങ്ങൾ പ്രാവർത്തികരംഗത്ത് വന്ന ഘട്ടത്തെയാണ് മിക്കവാറും ഇവിടെ കാലം സൂചിപ്പിക്കുന്നത്. ഒരു ജനത നഷ്ടത്തിലാണ് എന്ന് സൂചിപ്പിക്കണമെങ്കിൽ ആ ജനം ജീവിക്കുകയും അവരുടെ കർമങ്ങൾ ദൈവവിരുദ്ധമായിരുന്നു എന്ന് ബോധ്യമാവുകയും വേണമല്ലോ. എന്നു പറഞ്ഞാൽ ഭാവിയെക്കാൾ വർത്തമാനത്തിനും വർത്തമാനത്തെക്കാൾ ഭൂതകാലത്തിനുമാണ് “കാലം” എന്ന പ്രയോഗത്തിൽ പ്രാധാന്യമർഹിക്കുന്നത്. അഥവാ ഒരു ജനത ജീവിച്ചകാലഘട്ടമാണ് അവരെ സംബന്ധിച്ചിടത്തോളം കാലം.

ഈ പരാമർശത്തിൽ മറ്റൊരു സൂചന ഒളിഞ്ഞു കിടക്കുന്നുണ്ട്. ഓരോ ജനതക്കും അവരുടെ കർമജീവിതത്തിനായി ഒരു കാലപരിധി അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. ആ പരിധി ഒരു മിനുട്ടാണെങ്കിൽ ആ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സൽകർമം ചെയ്യു കയെന്നതാണ് അവരുടെ കർത്തവ്യം. ആ മിനുട്ടിനപ്പുറത്തേക്ക് അവർക്ക് കാലമില്ല. അതാണല്ലോ പരീക്ഷയുടെ സ്ഥിതി.

അറുപത് വർഷം ജീവിക്കുന്ന ഒരാൾ കുട്ടിക്കാലം, ബാല്യം, യുവത്വം, വാർധക്യം തുടങ്ങിയ ഘട്ടങ്ങളിലൂടെയും രോഗം, ഉറക്ക് പോലുള്ള സാഹചര്യങ്ങളിലൂടെയുമാണ് കടന്നുപോകുന്നത്. ഏകദേശം 20-25 വർഷക്കാലം അയാൾ ഉറങ്ങിത്തീർക്കുന്നുമുണ്ട്. ബാക്കിയുള്ള അയാളുടെ കാലം ദൈവത്തിങ്കൽ രേഖപ്പെടുത്തപ്പെടുകയും വിചാരണ ചെയ്യപ്പെടുകയും ചെയ്യുന്ന സമയമാണ്.

---

إِنَّ الْإِنسَانَ لَفِي خُسْرٍ ഇന്നൽ ഇൻസാന ലഫീ ഖുസ്ർ

തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു.

---

ഇൻസാൻ എന്ന വാക്ക് ഏകവചനമാണ്. മനുഷ്യൻ എന്നർഥം. പക്ഷേ, അത് വർഗനാമമായിട്ടാണ് ഉപയോഗിച്ചത്. ഖുർആൻ എണ്ണിപ്പറഞ്ഞ ഗുണങ്ങളില്ലാത്ത മനു ഷ്യർ ഏത് കാലഘട്ടത്തിലുണ്ടോ അവരൊക്കെ ഇവിടെ ഉദ്ദേശ്യമാണ്. ബഹുദൈവ വിശ്വാസികളും ദൈവനിഷേധികളും കപടവിശ്വാസികളുമൊക്കെയാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് അഭിപ്രായപ്പെട്ടവരുണ്ട് പണ്ഡിതരിൽ. അതിനാൽ ഏത് മനു ഷ്യൻ, ഏത് കാലം എന്ന അന്വേഷണത്തിൽ പ്രസക്തിയില്ല. ദുർഗുണത്തോടെ ജീവി ക്കുന്നത് വ്യക്തിയായാലും സമൂഹമായാലും അവർ ഏത് കാലഘട്ടക്കാരായാലും എല്ലാം തുല്യമാണ്.

ഖുസ്ർ എന്ന വാക്ക് നഷ്ടത്തെയാണ് സൂചിപ്പിക്കുന്നത്. നാശത്തിലും നഷ്ടത്തി ലുമാണെന്നർഥം. ഒരു സംഗതിയിൽ ഏർപ്പെടുകയും അതിൻെറ പരിണതി നഷ്ട മാവുകയും ചെയ്യുമ്പോഴാണല്ലോ മൊത്തത്തിൽ അതിനെ വിലയിരുത്തിക്കൊണ്ട് പരാജ യമാണെന്നു പറയുന്നത്. അത് കച്ചവടമായാലും പരീക്ഷയായാലും ശരി.

ലാഭം, വിജയം എന്നൊക്കെ പറയുന്നതിന് എതിർവികാരമാണ് പരാജയം, ന ഷ്ടം എന്നിവക്കുള്ളത്. ഇത് ഈ ലോകത്തെ പരാജയത്തിൻെറ കാര്യം. പരലോക വിജയത്തിന് നിശ്ചയിച്ച ഒരു ഏർപ്പാടിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ലെങ്കിൽ അത് അയാളുടെ ഇഹ-പരലോകങ്ങളുടെ നഷ്ടവും പരാജയവുമായിരിക്കും. അതിൽ നിന്ന് അവന് കരകയറാൻ സാധിക്കുകയില്ല.

ചില വിഷയങ്ങളെ പരാമർശിച്ച് അത്തരം മനുഷ്യർ വ്യക്തമായ പരാജയത്തിലാ ണെന്ന് ഖുർആൻ പല സ്ഥലങ്ങളിലും പരാമർശിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ഖുർആ ൻ 4-ാം അധ്യായം 119-ാം വചനത്തിൽ പറയുന്നു: അല്ലാഹുവിനെക്കൂടാതെ ആരെ ങ്കിലും പിശാചിനെ തൻെറ രക്ഷാധികാരിയാക്കിയാൽ അവൻ വ്യക്തമായ നഷ്ടം സംഭവിച്ചവനാകുന്നു" അവിടെയൊക്കെ ഉദ്ദേശിക്കുന്നത് പരലോകത്തെ പരാജയവും നഷ്ടവുമാണ്.

---

إِلَّا الَّذِينَ آمَنُوا ഇല്ലല്ലദീന ആമനൂ

വിശ്വസിച്ചവരൊഴികെ

---

കാലത്തെ പിടിച്ചാണയിട്ടു പറഞ്ഞത് മനുഷ്യൻ നഷ്ടത്തിലാണെന്ന കാര്യമാണ്. എന്നാൽ ചില ഉപാധികളോടെ ചിലരെ ആ നഷ്ടത്തിൽനിന്നും പരാജയത്തിൽനിന്നും ഒഴിവാക്കിയതായി അധ്യായം സൂചിപ്പിക്കുന്നുണ്ട്. അതാരൊക്കെയാണെന്ന കാര്യമാണ് ഇനി സൂചിപ്പിക്കുന്നത്.

പ്രസ്തുത ഉപാധികളിൽ ഒന്നാമത്തെ കാര്യം മുകളിൽ സൂചിപ്പിച്ചതാണ്. ഏക ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കുക എന്നതാണത്. ഇത് കേവല വിശ്വാസമല്ല, ഹൃദയം അംഗീകരിച്ചുകൊണ്ടുള്ള ബോധപൂർവ വിശ്വാസമാണ്. ഈ വിശ്വാസത്തിന് ചില അടിസ്ഥാന വശങ്ങൾ വസ്തുതകൾ കാണാനാകും.

1. വിശ്വസിക്കുന്ന സംഗതി ഒരു സംശയത്തിനും ഇടയില്ലാത്ത വിധം തനിക്ക് ബോധ്യമായിരിക്കണം.
2. വിശ്വസിക്കുന്ന കാര്യം ശരിയാണെന്ന് സത്യപ്പെടുത്തിയിരിക്കണം.
3. അക്കാര്യത്തിൽ എന്ത് പ്രതിബന്ധങ്ങൾ ഉണ്ടെങ്കിലും അത് സഹിക്കും എന്ന ദൃഢബോധം ഉണ്ടായിരിക്കണം.
4. വിശ്വസിക്കുന്ന കാര്യം തന്നിൽനിന്നാവശ്യപ്പെടുന്ന കർമങ്ങൾ ഒട്ടും ഉപേക്ഷ വരുത്താതെ അനുഷ്ഠാനത്തിൽ വരുത്തും എന്ന് തീർച്ചപ്പെടുത്തണം.
5. വിശ്വാസത്തിനനുസരിച്ച് തൻെറ ജീവിതം ചിട്ടപ്പെടുത്തുകയും അത് നിലനിറുത്തുകയും ചെയ്യുമെന്ന് പ്രതിജ്ഞ ചെയ്യണം.
6. വിശ്വാസസംരക്ഷണത്തിനായി അതിന് വിരുദ്ധമായതെല്ലാം വെടിയാൻ തയാറാവണം.
7. എല്ലാ ഹൃദയവികാരങ്ങളും ഏകദൈവത്തിൻെറ താല്പര്യത്തിനനുസൃതായി പരിവർത്തിപ്പിക്കണം. ഇത്യാദി കാര്യങ്ങൾ വിശ്വാസപ്രഖ്യാപനത്തിൻെറ ഭാഗമായി ഒരാളുടെ ബാധ്യതയായി വരും.

തൻെറ ഹൃദയവികാരങ്ങൾ മുഴുവൻ ഏകദൈവത്തിന് സമർപ്പിക്കുകയെന്നത് ഒഴിച്ചുകൂടാനാകാത്ത കാര്യമാണ്. തൻെറ സ്നേഹവും ഭക്തിയും പ്രതീക്ഷയും മുഴുവൻ ഏകദൈവത്തിൻെറ താല്പര്യത്തിനായി സമർപ്പിക്കുകയെന്നത് വിശ്വാസപൂർത്തീകരണത്തിൻെറ പ്രഥമ നിബന്ധനയാണ്. തൻെറ സ്നേഹം മുഴുവൻ ഏകദൈവത്തിന് സമർപ്പിക്കാതെ ഒരാൾക്ക് വിശ്വാസിയാവുക സാധ്യമല്ല.

തൻെറ യജമാനനായ ഏകദൈവം തന്നോട് എന്ത് കല്പിച്ചുവോ അത് അലസതയും ഉപേക്ഷയും കൂടാതെ അനുഷ്ഠാനത്തിൽ വരുത്തുകയും തൻെറ അടിമത്തം അവൻെറ മുമ്പിൽ അടിക്കടി പ്രഖ്യാപിക്കുകയും ചെയ്യുകയെന്നതും വിശ്വാസപൂർത്തീകരണത്തിൻെറ നിബന്ധനയാണ്.

താൻ ഏകദൈവവിശ്വാസിയാണല്ലോ അതിനാൽ ഞാനും നഷ്ടകാരികളുടെ കൂട്ടത്തിലല്ല എന്ന് ആരെങ്കിലും സംശയം പ്രകടിപ്പിക്കുന്നുണ്ടെങ്കിൽ അവരോട് ഉണർത്താനുള്ള കാര്യം രണ്ടാണ്:
ഒന്ന്, ഏകദൈവവിശ്വാസത്തിൻെറ ശക്തമായ ഭാഗമാണ് അന്ത്യപ്രവാചകനായ മുഹമ്മദ്നബിയിൽ വിശ്വസിക്കലും അദ്ദേഹത്തെ പിൻപറ്റി ജീവിക്കലും.
രണ്ട്, ഏകദൈവവിശ്വാസിയാണെന്ന് സമാധാനിക്കണമെങ്കിൽ ഏകദൈവമല്ലാത്ത എല്ലാ സാങ്കല്പിക ദൈവങ്ങളെയും ഹൃദയത്തിൽനിന്ന് പുറംതള്ളുകയും അവയ്ക്കുള്ള പൂജാ-ഭക്തികർമ മാർഗങ്ങളിൽനിന്ന് ശുദ്ധമാവുകയും വേണം.

വിശ്വസിക്കുക എന്ന കർമം കേവലം ഏകദൈവത്തിലും പ്രവാചകൻ മുഹമ്മദിലും പരിമിതമാക്കിയാൽ പോരാ. മറിച്ച്, ഏതെല്ലാം കാര്യങ്ങളിൽ വിശ്വസിക്കുവാൻ കല്പിച്ചുവോ അതിലെല്ലാം വിശ്വസിക്കണം. അതിൽ പലതും നമുക്ക് കാണാനാകുന്നതാണ്. പലതും നമ്മുടെ കണ്ണുകൾക്ക് അപ്രാപ്യമാണ്. എങ്കിലും അവയിൽ സംശയമില്ലാതെ വിശ്വസിക്കുക തന്നെ വേണം. അതാണ് വിശ്വാസത്തിൻെറ സാധുതയും ബലവും.

പ്രഥമമായി വരുന്നത് ഏകദൈവവിശ്വാസമാണ്. അവനല്ലാത്ത മറ്റൊരു ദൈവവും പ്രപഞ്ചത്തിലില്ലെന്നും തൻെറ പ്രാർഥനക്കും ആരാധനക്കും അവൻ മാത്രമാണ് അർഹൻ എന്നും ഉറച്ചു വിശ്വസിക്കുകയത്രെ അതിൻെറ താല്പര്യം. തുടർന്ന് തൻെറ ആരാധനകൾ മുഴുവൻ അവന് മാത്രമായി അർപ്പിക്കുക.

പ്രവാചകന്മാരിലുള്ള വിശ്വാസമാണ് മറ്റൊന്ന്. അന്ത്യപ്രവാചകനായ മുഹമ്മദ് നബിയിൽ മാത്രം വിശ്വസിച്ചാൽ പോരാ, ലോകസംസ്കരണാർഥം ഏകദൈവം ലക്ഷക്കണക്കിന് പ്രവാചകന്മാരെ ലോകത്തേക്ക് അയച്ചിട്ടുണ്ട്. അവരിൽ എല്ലാവരിലും വിശ്വസിക്കൽ നിർബന്ധമാണ്.

മാലാഖമാരിൽ വിശ്വസിക്കുകയെന്നതും വിശ്വാസപൂർത്തീകരണത്തിന് നിബന്ധനയാണ്. കാണുന്നില്ല എന്നു പറഞ്ഞ് അവരെ തള്ളിപ്പറയുന്നത് ദൈവനിഷേധമാണ്. ദൈവത്തിൻെറ ആദരണീയരായ സൃഷ്ടികളാണവർ. ദൈവകല്പന പാലിച്ചു ജീവിക്കുകയെന്ന ഉത്തരവാദിത്തത്തിനപ്പുറം അവർക്ക് എല്ലാം അചിന്ത്യമാണ്.

ദൈവികഗ്രന്ഥങ്ങളിലുള്ള വിശ്വാസമാണ് അടുത്തത്. പല കാലഘട്ടങ്ങളിലും പല പ്രവാചകന്മാർ മുഖേന ഏകദൈവം തൻെറ കല്പനകൾ അടങ്ങിയ പല ഏടുകളും ഗ്രന്ഥങ്ങളും അവതരിപ്പിച്ചിട്ടുണ്ട്. അവയിൽ ഇന്ന് ഖുർആൻ മാത്രമാണ് മാറ്റത്തിരുത്തലുകൾക്ക് വിധേയമാകാതെ സുരക്ഷിതമായിരിക്കുന്നത്. ബാക്കിയെല്ലാം മാറ്റത്തിരുത്തലുകൾക്ക് വിധേയമായിട്ടുണ്ട്. എങ്കിലും ദൈവികഗ്രന്ഥമെന്ന് അംഗീകരിക്കപ്പെട്ടവയിൽ വിശ്വസിക്കൽ നിർബന്ധമാണ്. അവ പ്രധാനമായും: മൂസാനബിക്ക് (മോസസ്) നല്കിയ തൗറാത്ത്, ഈസാനബി(യേശു) കൊണ്ടുവന്ന ഇഞ്ചീൽ, ദാവൂദ്നബിയുടെ (ദാവീദ്) സബൂർ, മുഹമ്മദ് നബി മുഖേന ലോകത്തിന് അവസാനമായി അവതരിപ്പിച്ച വിശുദ്ധ ഖുർആൻ എന്നിവയാണ്.

മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുകയാണ് അടുത്തത്. ഈ ജീവിതത്തിന് ശേഷം മറ്റൊരു ജീവിതം വരാനുണ്ടെന്നും ഈ ലോകത്തെ ജീവിതകർമ്മങ്ങൾ അവിടെ വിചാരണ ചെയ്യപ്പെടുമെന്നും അതിനനുസൃതമായ രക്ഷാ-ശിക്ഷകൾ അവിടെ ഏറ്റുവാങ്ങേണ്ടതുണ്ടെന്നും അതാണ് യഥാർഥ നീതിയുടെ ലോകമെന്നും വിശ്വസിക്കുകയും അതിനനുസൃതമായി ദൈവികകല്പനകൾ പാലിച്ചു ജീവിക്കുകയുമാണ് പരലോകവിശ്വാസത്തിൻെറ കാതൽ.

നല്ലതും തിയ്യതുമായ സകലതും ദൈവിക വിധിയനുസരിച്ചാണ് ഉണ്ടാകുന്നതെന്ന വിധിയിലുള്ള വിശ്വാസമാണ് മറ്റൊന്ന്. ദൈവം വിധിച്ചതാണ് തൻെറ ജീവിതത്തിൽ ഉണ്ടാകുന്നത്. അതിൽ മറ്റുള്ള ബാഹ്യശക്തികൾക്കോ ദൈവേതരങ്ങൾക്കോ യാതൊരു പങ്കുമില്ലെന്ന് വിശ്വസിക്കണം.

ഇത്രയും കാര്യങ്ങളിൽ വിശ്വസിക്കുകയും അതിൽ സംശയിക്കാതിരിക്കുകയും അതിൻെറ താല്പര്യങ്ങൾക്കനുസൃതമായി ജീവിതം പാകപ്പെടുത്തുകയും ചെയ്യുകയത്രെ വിശ്വാസത്തിൻെറ താല്പര്യം.

---

وَعَمِلُوا الصَّالِحَاتِ വഅമിലുസ്സ്വാലിഹാതി

സൽകർമങ്ങളനുഷ്ഠിക്കുകയും ചെയ്തവർ

---

ഏകവിശ്വാസത്തെയാണ് നഷ്ടകാരികളിൽ പെടാതിരിക്കുവാൻ എടുത്തുപറഞ്ഞ ഒന്നാമത്തെ നിബന്ധന. ഏകദൈവവിശ്വാസം പൂർണമാകണമെങ്കിൽ എന്തെല്ലാം കാര്യങ്ങൾ വേണമെന്ന് നേരത്തെ സൂചിപ്പിക്കുകയുണ്ടായി.

നഷ്ടകാരികളിൽ പെടാതിരിക്കുവാനുള്ള രണ്ടാമത്തെ നിബന്ധനയാണ് സൽകർമങ്ങൾ ചെയ്യൽ. അതിനുള്ള നിബന്ധനയാകട്ടെ, ഏകദൈവവിശ്വാസത്തെപ്പോലെ ദൈവദൂതൻ മുഹമ്മദ്(സ)നെ പിൻപറ്റി കർമം ആചരിക്കലാകുന്നു. അദ്ദേഹമാണല്ലോ ലോകത്തിനുള്ള സാന്മാർഗിക ഗുരുനാഥൻ. അദ്ദേഹത്തിൻെറ കർമ മാതൃക പിൻപറ്റാതെ വിശ്വാസവുമായി ബന്ധപ്പെട്ട കർമങ്ങൾ സാധുവാകുകയില്ല. അഥവാ, കർമം സ്വീകരിക്കാനുള്ള അടിത്തറ ഏകദൈവവിശ്വാസമാണെങ്കിൽ അതിൻെറ തൂണുകളാണ് പ്രവാചകനെ അനുധാവനം ചെയ്യൽ.

സ്വാലിഹാത്ത് എന്ന വാക്ക് നന്മകൾ, നല്ലതുകൾ തുടങ്ങിയ അർഥങ്ങളിലാണ് ഉപയോഗിക്കുന്നത്. എല്ലാ നല്ല കാര്യങ്ങളെയും അതുൾക്കൊള്ളുന്നു. അമൽ എന്ന വാക്ക് കർമം, പ്രവർത്തനം തുടങ്ങിയ അർഥങ്ങളിലും ഉപയോഗിക്കുന്നു. പക്ഷേ, ഏകദൈവവിശ്വാസമില്ലാതെയും പ്രവാചകൻെറ മാതൃക പിൻപറ്റാതെയും ഒരാൾ ചെയ്യുന്ന എത്ര നല്ല കാര്യവും ഈ അർഥത്തിൽ നല്ല കർമങ്ങളുടെ ഗണത്തിൽ പെടുകയില്ല. അതിന് പാരത്രിക പരിണതിയുമായി ഒരു ബന്ധവുമുണ്ടാവുകയില്ല. കാരണം, അയാളുടെ മനസ്സിൽ ദൈവികവിശ്വാസമോ അവൻെറ പ്രീതി എന്ന ലക്ഷ്യമോ ഉണ്ടായിരുന്നില്ല. അതിനാലാണ് സൽകർമങ്ങളുടെ കൂടെ തന്നെ ഏകദൈവത്തിലുള്ള വിശ്വാസത്തെയും ഖുർആൻ ചേർത്തുപറയാൻ കാരണം. അത്തരം പരാമർശങ്ങൾ ഖുർആനിൽ ഒട്ടേറെ സ്ഥലങ്ങളിൽ വിവിധ വിഷയങ്ങളെ പ്രതിപാദിക്കുന്ന ഘട്ടങ്ങളിൽ എടുത്തോതിയത് കാണാൻ സാധിക്കും.

ഏകദൈവവിശ്വാസം അവലംബിച്ച് സദ്കർമം ആചരിക്കുന്നവരുടെ ജീവിതപരിണതിയായി ദൈവികപൊരുത്തവും സ്വർഗവുമുണ്ടെന്ന് അടിക്കടി ഖുർആൻ ഉണർത്തുകയുണ്ടായി.

ഏകദൈവവിശ്വാസം പൂർണമാകാനുള്ള അഥവാ അത് ദൈവത്തിങ്കൽ സ്വീകാര്യമാകാനുള്ള ശക്തമായ ഉപാധിയത്രെ കർമം. ഒരു കർമത്തിൽ മനസ്സും ശരീരവും യോജിക്കുന്നതുപോലെയാണ് വിശ്വാസവും കർമവും. ഒന്നിനെ നിരാകരിച്ചുകൊണ്ട് മറ്റേതിന് സ്ഥാനമില്ല.

വിശ്വാസം നഷ്ടപ്പെടാതെയും നശിക്കാതെയും നിലനിറുത്തുന്നത് കർമങ്ങളാണ്. വിശ്വാസമാകട്ടെ ജീവിതത്തെ സംസ്കരിക്കുകയും ഉത്തമമായ ജീവിതം നയിക്കാൻ സഹായിക്കുകയും ചെയ്യുന്നു. വിശ്വാസവും സൽകർമവും സമന്വയിപ്പിച്ച് ജീവിക്കുന്ന സമൂഹത്തെ ഒരു നിലക്കും ജീർണത ബാധിക്കുകയില്ല. കാലം അതിനും സാക്ഷിയാണ്.

---

وَتَوَاصَوْا بِالْحَقِّ    വതവാസൗ ബിൽ ഹഖി

സത്യം കൊണ്ട് പരസ്പരം ഉപദേശിക്കുകയും ചെയ്തവരൊഴിച്ച്

---

സത്യം കൊണ്ട് ഉപദേശിക്കുക എന്നതിന് രണ്ട് ആശയങ്ങളാകാം. ഒന്ന്, വിശുദ്ധഖുർആൻ 17-ാം അധ്യായം 81-ാം വചനം സൂചിപ്പിക്കുന്നതുപോലെ ഏകദൈവവിശ്വാസവും ദൈവികനിയമങ്ങളനുസരിച്ചുള്ള ജീവിതരീതിയുമാണ്. അതനുസരിച്ച് ആശയം ഇങ്ങനെയാകാം: സത്യം എന്നത് മനുഷ്യരുടെ അവകാശമാണ്. അതാണല്ലോ പാരത്രികലോക ജീവിതം ശോഭനമാക്കാനുള്ള ദൈവിക ഉപാധി. അതെപ്പറ്റി അറിയാത്ത ജനങ്ങളിൽനിന്നത് മറച്ചുവെക്കുന്നത് മനുഷ്യാവകാശങ്ങളുടെ ലംഘനമാണ്. അതെപ്പറ്റി പരസ്പരം ഉപദേശിക്കുകയെന്നത് അറിവുള്ള ആളുകളുടെ ബാധ്യതയാണ്. അഥവാ, ദൈവികജീവിതവ്യവസ്ഥയെ സംബന്ധിച്ച ഉപദേശമാണ് നഷ്ടകാരികളുടെ കൂട്ടത്തിൽനിന്ന് രക്ഷ നേടാനുള്ള മൂന്നാമത്തെ ഉപാധി.

രണ്ട്, സ്രഷ്ടാവുമായുള്ള ബന്ധം സത്യത്തിൽ അധിഷ്ഠിതാമാണ്. അതാണ് മേലെ സൂചിപ്പിച്ച ജീവിതധർമം. അതെപോലെ സൃഷ്ടികളുമായുള്ള ബന്ധവും അതേ സത്യത്തിൽ അധിഷ്ഠിതമാകണം. അങ്ങനെയാണെങ്കിൽ ആശയം ഇങ്ങനെയാകാം: സമൂഹത്തിന് മുമ്പിൽ സത്യത്തിൻെറയും നീതിയുടെ ആളുകളായി എഴുന്നേറ്റു നില്ക്കുകയും സത്യത്തോടും നീതിയോടും കൂടി മാത്രം ജീവിതവ്യവഹാരങ്ങളിൽ ഏർപ്പടുകയും ചെയ്യുക. സമൂഹത്തിലെ ഓരോ വ്യക്തിയും അക്കാര്യത്തിൽ ബദ്ധശ്രദ്ധനായിരിക്കണം. അസത്യത്തിൻെറയും അനീതിയുടെയും ചലനങ്ങൾ എവിടെ കണ്ടാലും അതിനെ തിരുത്താനുള്ള ശ്രമം നടക്കേണ്ടതുണ്ട്. തദ്വാരാ, സമൂഹത്തിലെ എല്ലാ ഇടപാടുകളും സത്യത്തിലും നീതിയിലും അധിഷ്ഠിതമാക്കുകയും നീതിയനുസരിച്ച് സമാധാനത്തോടെ ജീവിക്കുന്ന ഒരു സമൂഹം നിലവിൽ വരികയും ചെയ്യുക.

അനീതിയുടെയും അസത്യത്തിൻെറയും ചലനങ്ങൾ കണ്ടിട്ടും അതിനു നേരെ കണ്ണടക്കുന്നത് ദൈവികവിശ്വാസത്തിന് വിരുദ്ധമാണ്. അനീതിയിലും അസത്യത്തിലും അധിഷ്ഠിതമായ ജീവിതം നയിക്കുന്ന ജനത്തെ ദൈവം ശിക്ഷിക്കുമ്പോൾ അവരിലെ നല്ല ആളുകളും ആ ശിക്ഷക്ക് വിധേയമാവുക ദൈവികചര്യയാണ്. അവരുടെ ബാധ്യതയായിരുന്ന സത്യത്തിൻെറയും നീതിയുടെയും പ്രചാരണം അവർ നിർവഹിച്ചില്ല എന്നതാണ് കാരണം. അതിനാലാണ് "തെറ്റ് കണ്ടാൽ കൈകൊണ്ട് തടയുക, അതിന് സാധ്യമല്ലെങ്കിൽ നാവ് കൊണ്ട് തടയുക, അതിനും സാധ്യമായില്ലെങ്കിൽ മനസ്സ് കൊണ്ട് അതിനെ വെറുക്കട്ടെ" എന്ന് പ്രവാചകൻ പഠിപ്പിച്ചത്. അത് ഏകദൈവവിശ്വാസികളുടെ ബാധ്യത കൂടിയാണ്. (അല്ലാഹുവത്രെ കൂടുതൽ അറിയുന്നവൻ.)

---

وَتَوَاصَوْا بِالصَّبْرِ വതവാസൗ ബിസ്സ്വബ്ർ

ക്ഷമ കൊണ്ട് പരസ്പരം ഉപദേശിച്ചവരും ഒഴികെ.

---

സ്വബ്ർ എന്ന വാക്കിന് ക്ഷമയെന്നാണർഥം. ക്ഷമകൊണ്ട് ഉപദേശിക്കുക എന്നത് ആദർശജീവിതവുമായി ബന്ധപ്പെട്ട പരാമർശമാണ്. അതായത്, ആദർശമനുസരിച്ചുള്ള ജീവിതം വ്യക്തിജീവിതത്തിൻെറ ഒട്ടേറെ തലങ്ങളുമായി ഏറ്റുമുട്ടുന്നുണ്ട്. അതിൽ ശക്തമായ മേഖലയാണ് വ്യക്തികളുടെ ദേഹേഛ.

മക്കയിലെയും മദീനയിലെയും ആളുകൾ പ്രവാചകൻ മുഹമ്മദ്(സ) ൻെറ ദൗത്യത്തെ സംബന്ധിച്ച് അത് ശരിയും ദൈവികവുമാണെന്ന് ബോധ്യമുള്ളവരായിരുന്നു. എന്നിട്ടും അവർ അതിനെ എതിർക്കാൻ കാരണം തങ്ങളുടെ സ്ഥാനമാനങ്ങളും അഭിമാനവും കുടുംബ മഹിമയുമടങ്ങിയ ദേഹേഛകളായിരുന്നു. അവ മുഹമ്മദിൻെറ ആദർശത്തിന് മുമ്പിൽ വെടിയേണ്ടതുണ്ട് എന്ന ചിന്ത അവരെ പഴയ ആചാരങ്ങളിൽ തന്നെ തളച്ചിട്ടു. ഇത് എക്കാലത്തും അതത് ജനതകളെ സത്യത്തിൽനിന്ന് പിന്തിരിപ്പിക്കാനുള്ള പിശാചിൻെറ കുതന്ത്രവും ആയുധവുമാകുന്നു. സ്വബുദ്ധിയുപയോഗിച്ച് അതിനെ തിരിച്ചറിഞ്ഞില്ലെങ്കിൽ പരാജയം തീർച്ചയാണ്.

ആദർശജീവിതത്തിന് ഒട്ടേറെ പ്രയാസങ്ങളുണ്ട്. കണ്ടും ആചരിച്ചും ശീലിച്ച രീതിയല്ല ആദർശജീവിതത്തിനാവശ്യം. അവിടെ ദൈവികനിർദ്ദേശങ്ങളാണ് ജീവിതത്തിന് വഴികാട്ടിയാകേണ്ടത്. തൻെറ താല്പര്യങ്ങൾക്കതിൽ ഒട്ടും സ്ഥാനമില്ല. സത്യവും നീതിയും പിൻപറ്റുന്നതിലും അതിനെ സംരക്ഷിക്കുന്നതിലും ഒട്ടേറെ പ്രയാസങ്ങളുണ്ട്. മുന്നോട്ട് വെച്ച കാൽ പിന്നോട്ട് വെക്കാൻ തോന്നും. രംഗം വിടാൻ മുതിർന്നേക്കാം. പലതരം പരീക്ഷണങ്ങളും വിഷമങ്ങളും നേരിട്ടേക്കാം. പ്രതികൂല സാഹചര്യങ്ങൾ അഭിമുഖീകരിച്ചേക്കാം. സുഹൃത്തുക്കളിൽനിന്നും കൂട്ടുകുടുംബങ്ങളിൽ നിന്നു പോലും എതിർപ്പുകൾ നേരിട്ടേക്കാം. ഇവിടെയൊക്കെ ക്ഷമ കൈകൊള്ളുക തന്നെ വേണം. അതാണ് വിശ്വാസിയുടെ ശക്തമായ ആയുധം. അക്കാര്യത്തിൽ സ്വയം മാതൃകയാകുന്നതോടൊപ്പം മറ്റുള്ളവരെ ഉപദേശിക്കുകയും ചെയ്യൽ വിശ്വാസിയുടെ ബാധ്യതയാണ്. അതാകട്ടെ ഉത്തമമായ ഒരു സമൂഹത്തിൻെറ നിർമിതിയുടെ അടിത്തറയുമാകുന്നു.